സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് മരാമത്ത് വകുപ്പ് - അസിസ്റ്റന്റ് എൻജിനീയർ (നോൺ കേഡർ)മാരുടെ അപേക്ഷ - പ്രൊമോഷൻ റഗുലറൈസ് ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5817/12/Est-I** നന്തൻകോട്, **11/06/2018**

---

പരാമർശം :- 1) 28-03-2018 ലെ മേൽ നമ്പർ ഉത്തരവ്.
2) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 02-06-2018 ലെ 1729 -ാം നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് മരാമത്ത് വകുപ്പിൽ മൂന്നു വർഷത്തോളമായി പ്രൊവിഷണൽ അസിസ്റ്റന്റ് എൻജിനീയർമാരായ ശ്രീ.എസ്.ശ്രീകുമാർ, ശ്രീ. വി.പി. ചന്ദ്രശേഖരൻ, ശ്രീ. എം. പി. ദിലീപ്, ശ്രീ. ജി. രാജശേഖരൻ ഉണ്ണിത്താൻ, ശ്രീ. ജി. രഘുകുമാർ, ശ്രീ. ആർ. മധുസൂദനൻ നായർ, ശ്രീ. ആർ. ജയകുമാർ എന്നിവരെ താൽക്കാലിക പോസ്റ്റുകളിൽ പ്രൊവിഷണൽ അസിസ്റ്റന്റ് എൻജിനീയർമാരായി നിയമിക്കുന്നതിനും ടി തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിന് ബഹു: ഹൈക്കോടതിയിൽ നിന്നും അനുവാദം വാങ്ങുന്നതിനും പരാമർശം 1 -ൽ ഉത്തരവായി.

ടി ഏഴ് പേരിൽ ശ്രീ.എസ്. ശ്രീകുമാർ 30.04.2018 ൽ സർവീസിൽ നിന്നും വിരമിച്ചുവെന്നും ശ്രീ. ജി. രഘുകുമാർ 21.04.2018 ൽ മരണപ്പെട്ടിട്ടുള്ളതാണെന്നും സർട്ടിഫിക്കറ്റ് കോട്ടയിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ 01.06.2018 ൽ സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ ശ്രീ. വി.പി. ചന്ദ്രശേഖരൻ (അസിസ്റ്റന്റ് എഞ്ചിനീയർ, പ്രൊവിഷണൽ) ന് അസിസ്റ്റന്റ് എഞ്ചിനീയറായി പ്രൊമോഷൻ ലഭിക്കുമെന്നും പിന്നീടുള്ള 4 പ്രൊവിഷണൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ അക്കോമഡേറ്റ് ചെയ്യേണ്ടതുണ്ടെന്നും മേൽ വിവരിച്ച തസ്തികയിൽ ഉള്ള ഉദ്യോഗസ്ഥർക്ക് 40500 - 85000 ശമ്പള സ്കെയിലിൽ ടൈം ബോണ്ട് ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളതാണെന്നും, ഇപ്പോൾ ടി ഉദ്യോഗസ്ഥർ അസിസ്റ്റന്റ് എഞ്ചിനീയർ (നോൺ കേഡർ) ആണെന്നും ഓവർസിയർ ഗ്രേഡ്-1 അസിസ്റ്റന്റ് എഞ്ചിനീയർ (നോൺ കേഡർ) ആയി റിട്ടയർ ചെയ്യുന്നതിന് പകരം ഇവർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ആയി റിട്ടയർ ചെയ്യാൻ കഴിയുമെന്നും ജീവനക്കാരുടെ ഗുണത്തിനായി ചീഫ് എഞ്ചിനീയർ (ജനറൽ), ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ മാവേലിക്കര, എക്സിക്യൂട്ടീവ് എഞ്ചിനീയർ പത്തനംതിട്ട എന്നീ ഓഫീസുകളിലെ നിലവിലുള്ള 4 ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാരുടെ പോസ്റ്റുകൾ താൽക്കാലികമായി അപ്ഗ്രേഡ് ചെയ്ത് ശ്രീ. എം.പി. ദിലീപ്, ശ്രീ. രാജശേഖരൻ ഉണ്ണിത്താൻ, ശ്രീ. ആർ. മധുസൂദനൻ നായർ, ശ്രീ. ആർ. ജയകുമാർ എന്നിവരെ അക്കോമഡേറ്റ് ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ (നോൺ കേഡർ) പ്രൊവിഷണൽ എന്ന് designate ചെയ്യണമെന്നും, ആകയാൽ ചീഫ് എഞ്ചിനീയർ (ജനറൽ), ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ പത്തനംതിട്ട എന്നീ ഓഫീസുകളിലെ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ പോസ്റ്റുകൾ അപ്ഗ്രേഡ് ചെയ്യണമെന്നും മാവേലിക്കര സെക്ഷനിലുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസിയർ പോസ്റ്റ് മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് ഷിഫ്റ്റ്

(മറുപുറം)

ചെയ്ത് നാലാമത്തെ ഉദ്യോഗസ്ഥനെ പോസ്റ്റ് ചെയ്യുന്നതിലേയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പോസ്റ്റ് അപ്ഗ്രേഡ് ചെയ്യണമെന്നും (മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയറുടെ sanctioned post ഇല്ലാത്തതിനാൽ) കൂടാതെ സർട്ടിഫിക്കറ്റ് ക്വാട്ടയിലുള്ളവരെ റഗുലറൈസ് ചെയ്യുന്നത് വരെയോ ടി ഉദ്യോഗസ്ഥരുടെ റിട്ടയർമെന്റ് വരെയോ (ഏതാണോ ആദ്യം വരുന്നത്) പ്രൊവിഷണൽ അസിസ്റ്റന്റ് എഞ്ചിനീയർമാരായി ഇവരെ തുടരാൻ അനുവദിയ്ക്കണമെന്നും വിവരിച്ചുള്ള ചീഫ് എഞ്ചിനീയർ (ജനറൽ) ടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

ചീഫ് എഞ്ചിനീയർ (ജനറൽ), ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ പത്തനംതിട്ട എന്നീ ഓഫീസുകളിലെ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ പോസ്റ്റുകൾ താൽക്കാലികമായി അപ്ഗ്രേഡ് ചെയ്തും മാവേലിക്കര സെക്ഷനിലുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസിയർ പോസ്റ്റ് മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് താൽക്കാലികമായി അപ്ഗ്രേഡ് ചെയ്തും (മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയറുടെ sanctioned post ഇല്ലാത്തതിനാൽ) ശ്രീ. എം.പി. ദിലീപ്, ശ്രീ. രാജശേഖരൻ ഉണ്ണിത്താൻ, ശ്രീ. ആർ. മധുസൂദനൻ നായർ, ശ്രീ. ആർ. ജയകുമാർ എന്നിവരെ അക്കോമഡേറ്റ് ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ (നോൺ കേഡർ) പ്രൊവിഷണൽ എന്ന് designate ചെയ്തും സർട്ടിഫിക്കറ്റ് ക്വാട്ടയിലുള്ളവരെ റഗുലറൈസ് ചെയ്യുന്നത് വരെയോ ടി ഉദ്യോഗസ്ഥരുടെ റിട്ടയർമെന്റ് വരെയോ (ഏതാണോ ആദ്യം വരുന്നത്) പ്രൊവിഷണൽ അസിസ്റ്റന്റ് എഞ്ചിനീയർമാരായി തുടരാൻ അനുവദിച്ചും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ) – നടപടിക്കായി
3. ചീഫ് എഞ്ചിനീയർ –
4. ലാ ആഫീസർ –
5. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
7. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
8. The incumbents
9. ഇ.ഡി.പി. സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK